കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ആന്തൂർ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

സ.ഉ.(കൈ)നം.104/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 04.08.2018

പരാമർശം:- 1 സ.ഉ(കൈ)നം.132/2017/തസ്വഭവ തീയതി 07.07.2017.

2 തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.07.2017 ലെ ഡി.ബി1/1044/15/സി.ഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

ആന്തൂർ നഗരസഭയിൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുന്നതിനായി അസി.എഞ്ചിനീയറുടെയും ക്ലർക്കിന്റെയും ഓരോന്നു വീതവും, ഓവർസീയറുടെ ഗ്രേഡ് I, II & III ന്റെയും രണ്ട് വീതവും അടക്കം മൊത്തം 8 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും, ടി തസ്തികകൾ സൃഷ്ടിക്കുന്ന വകയിലെ അധിക സാമ്പത്തിക ബാദ്ധ്യത നഗരസഭ തങ്ങളുടെ തനത് ഫണ്ടിൽ/പൊതു ഉദ്ദേശ ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട്)-ൽ നിന്നും കണ്ടെത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ സർക്കാറിൽ നിന്നും അധിക ഫണ്ട് ലഭ്യമാക്കുന്നതല്ലയെന്ന് വ്യക്തമാക്കികൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. പരാമർശം 2 പ്രകാരമുള്ള തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കത്തിലെ അഭ്യർത്ഥന സർക്കാർ വിശദമായി പരിശോദിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ നഗരസഭ/കോർപ്പറേഷനുകളിലെ തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായിട്ടുള്ള 2515-00-001-90-01salaries(Municipalities/Corporation) ശീർഷകത്തിൽ നിന്നും നൽകി വരുകയും, പ്രസ്തുത തുക ടി നഗരസഭയുടെ ജനറൽ പർപ്പസ് Grant- ൽ നിന്നും കുറവ് ചെയ്ത് മേൽ ശീർഷകത്തിൽ പുതുതായി ചെയ്ത ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയും വരുന്ന രീതി ആന്തൂർ നഗരസഭയുടെ കാര്യത്തിലും നടപ്പിലാക്കികൊണ്ട് ഉത്തരവാകുന്നു.

3. പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല. സി.എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3 ചെയർപേഴ്സൺ, ആന്തൂർ നഗരസഭ, കണ്ണൂർ.
4 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
6 പൊതുഭരണ(എസ്.സി) വകുപ്പ്
7 ധനകാര്യ വകുപ്പ് (27.10.2017 ലെ ഡെവ.1/286/2016/ധന പ്രകാരം)
8 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.